**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1472** **03.10. 2011-ൽ മറുപടിക്ക്.**

## കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | : (ബി) കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പുതിയ കോടതി മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും ജുഡീഷ്യൽ ഓഫീസർമാർക്കായി ക്വാർട്ടേഴ്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളിന്മേൽ ജഡ്ജുമാരുടെ ഒരു കമ്മിറ്റിയാണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. കമ്പ്യൂട്ടർ/ പ്രിന്റർ, ഫോട്ടോകോപ്പിയർ, ഫാക്സ്മെഷീൻ, ഫർണീച്ചർ മുതലായ സൗകര്യങ്ങൾ വിവിധ കോടതികളുടെ ആവശ്യാർത്ഥം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക ലിസ്റ്റിൽ എത്ര കോടതികൾ ഉൾപ്പെട്ടിട്ടുണ്ട് ; ആയതിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | : (സി) ആവശ്യകതയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ